# കേരള സർക്കാർ

നം.14821/പി.എസ്1/09/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ(പി.എസ്) വകുപ്പ്,
തിരുവനന്തപുരം, തീയതിഃ 1.4.09.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം
കമ്മീഷണർ, റൂറൽ ഡവലപ്മെന്റ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേററ് അർബൻ ഡവലപ്മെന്റ് പ്രൊജക്ററ്, തിരുവനന്തപുരം
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള അർബൻ & റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം,
ഡയറക്ടർ, കേരള ഇൻസ്റ്റിററ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.

സർ,

വിഷയം:- മേശപ്പുറത്തുവെച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി (2006 09) യുടെ നാലാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

കേരള നിയമസഭയുടെ മേശപ്പുറത്തുവെച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി (2006 09) യുടെ നാലാമത് റിപ്പോർട്ടിലെ 59 ാം ഖണ്ഡികയുടെ പകർപ്പ് അറിവിലേക്കും നിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിനുമായി ഇതോടൊപ്പം അയയ്ക്കുന്നു

വിശ്വസ്തതയോടെ,

എസ്.സതീഷ് കുമാർ,
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

## പൊതുവായ ശുപാർശകൾ

57. ഒഡേപെക്കിന്റെ ഡിലേ സ്റ്റേറ്റുമെന്റിൽ റിപ്പോർട്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച നടപടിക്രമങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ തിരക്കിലായതിനാലാണ് സമയബന്ധിതമായി റിപ്പോർട്ട് പൂർത്തീകരിക്കാത്തതെന്ന പരാമർശം മാത്രമാണുള്ളത്. വനിതാ കമ്മീഷന്റെ റിപ്പോർട്ടുകളിലും നടപടിക്രമമൊന്നും വിശദീകരിക്കാതെ പ്രസ്സിൽനിന്നും റിപ്പോർട്ടുകളുടെ മതിയായ കോപ്പികൾ ലഭിക്കാത്തതിനാൽ കാലതാമസം നേരിട്ടുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യാവകാശ കമ്മീഷൻ, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ഡിലേ സ്റ്റേറ്റുമെന്റുകളിലും നടപടിക്രമങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ല.

58. സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കെൽട്രോൺ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ ഫിനാൻസിന്റെ കമന്റ്സ് ലഭിക്കാൻ 2-3 മാസംവരെ കാലതാമസം നേരിട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ വിവിധ റിപ്പോർട്ടുകളിന്മേൽ ധനകാര്യ വകുപ്പിന്റെ കമന്റ്സ് ലഭിച്ചത് എ.ജി. യുടെ കമന്റ്സ് ലഭിച്ചതിനുശേഷമാണ്. ഇത് ധനകാര്യ വകുപ്പിന്റെ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ഭാവിയിൽ റിപ്പോർട്ടുകളിന്മേൽ ധനകാര്യ വകുപ്പിന്റെ കമന്റ്സ് ലഭ്യമാക്കുന്നതിന് ഒരു മാസത്തിൽ കൂടുതൽ കാലതാമസം വരുത്തുവാൻ പാടില്ലായെന്നും അഥവാ ഇത്തരത്തിൽ കാലതാമസം വരുന്നപക്ഷം അതിനുള്ള യഥാർത്ഥ കാരണങ്ങൾ ഡിലേ സ്റ്റേറ്റുമെന്റിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

59. ഡിലേ സ്റ്റേറ്റുമെന്റുകൾ നൽകുമ്പോൾ എന്നാണ് അക്കൗണ്ട്സ് ഫൈനലൈസ് ചെയ്തത്, ഓഡിറ്റേഴ്സിനെ നിയമിച്ചത്, ഓഡിറ്റ് പൂർത്തീകരിച്ചത് എ.ജി.ക്കും ധനകാര്യ വകുപ്പിനും അയച്ചത്, തിരികെ കമന്റ്സ് സഹിതം ലഭിച്ചത്, പ്രിന്റ് ചെയ്യാൻ നൽകിയത്, സ്ഥാപനത്തിൽനിന്നും തിരികെ ലഭിച്ചത്, ഗവൺമെന്റിന് നൽകിയത് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. കൂടാതെ ഏതു ഘട്ടത്തിലാണ് യഥാർത്ഥ കാലതാമസം വന്നതെന്നുകൂടി രേഖപ്പെടുത്തിയാൽ മാത്രമേ ഡിലേ സ്റ്റേറ്റുമെന്റ് പൂർണ്ണമാകുകയുള്ളു. പല വകുപ്പുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല. ആകയാൽ ഡിലേ സ്റ്റേറ്റുമെന്റ് തയ്യാറാക്കുമ്പോൾ അവയിൽ വിശദമായി മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണെന്നും ഗവൺമെന്റ് അത് പരിശോധിച്ച് വേണ്ട വിവരങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ലഭ്യമാക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

60. സ്റ്റാഫിന്റെ കുറവുമൂലമാണ് വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ താമസം നേരിടുന്നതെന്നുള്ള സ്ഥാപനങ്ങളുടെ പൊതുവായുള്ള വാദം ഒരു രീതിയിലും ന്യായീകരിക്കാൻ സാധ്യമല്ല. വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും സഭയിൽ അവതരിപ്പിക്കുക എന്നത് കേവലം കണക്കുകൾ അവതരിപ്പിക്കുക എന്ന പ്രക്രിയ മാത്രമല്ലെന്നും ഇത് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിയുടെ വിലയിരുത്തലിന്റെ ഭാഗമായി കണക്കാക്കണമെന്നും സമിതി